**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2896** **28-02-2023 - ൽ മറുപടിയ്ക്ക്**

**കോഴിക്കോട് ജില്ലയിലെ കുടിവെള്ള പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. ടി. എ. റഹീം | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | കോഴിക്കോട് ജില്ലയിലെ താഞ്ഞൂർപോയിൽ കെ.ഡബ്ല്യൂ.എ. കുടിവെള്ള പദ്ധതി മൈനർ ഇറിഗേഷൻ വകുപ്പിന് കൈമാറുന്നതുമായി ബന്ധപ്പെട്ട് കെ .ഡബ്ല്യൂ.എ. എം.ഡി. പുറപ്പെടുവിച്ച ഉത്തരവിന്റെ തീയതി വ്യക്തമാക്കാമോ ; | (എ) | പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ട് കെ.ഡബ്ല്യൂ.എ. എം.ഡി. പുറപ്പെടുവിച്ച ഉത്തരവിന്റെ തീയതി 8-7-2020 ആണ്. |
| (ബി) | സർക്കാർ തലത്തിൽ തീരുമാനമായിട്ടും പ്രസ്തുത പദ്ധതി നടപടിക്രമങ്ങൾ പൂർത്തീകരിച്ച് മൈനർ ഇറിഗേഷൻ വകുപ്പിന് കൈമാറുന്നതിൽ അസാധാരണ കാലതാമസമുണ്ടായതിന്റെ കാരണം വിശദമാക്കാമോ; | (ബി) | വാട്ടർ അതോറിറ്റിയുടെ കൈവശത്തിൽ താഞ്ഞൂർ പൊയിൽ നിലവില്ലുള്ള ഉപയോഗ ശൂന്യമായ കിണറും പമ്പ് ഹൗസും ഉൾപ്പെട്ട പദ്ധതി മൈനർ ഇറിഗേഷന് കൈമാറുന്നതിന് തീരുമാനം ആയിട്ടുണ്ട്. (Order No. 1671/DMI (SU)/2020/KWA Dated 08/07/2020.) ഇത് സംബന്ധിച്ച വിവരങ്ങൾ ഇറിഗേഷൻ വകുപ്പിന് കൈമാറിയിട്ടുണ്ട്. എന്നാൽ 28-05 -2022 തിയ്യതിയിലെ ജില്ലാ കളക്ടറുടെ കത്തിൽ ഭൂമി കൈവശം വെയ്ക്കുന്ന വാട്ടർ അതോറിറ്റി, സേവന വകുപ്പിന്റെ നിർവ്വചനത്തിൽ ഉൾപ്പെട്ട വരാത്തതിനാൽ ഇറിഗേഷൻ വകുപ്പിന് കൈമാറാൻ സാധിക്കില്ലെന്നും ടി സാഹചര്യത്തിൽ മേൽ ഭൂമി റവന്യൂ വകുപ്പിലേക്ക് വിട്ടു ഒഴിയുന്നതിനുള്ള അപേക്ഷ വാട്ടർ അതോറിറ്റി എക്സിക്യൂട്ടീവ് എഞ്ചിനീയർ കോഴിക്കോട് സബ് കളക്ടർക്ക് സമർപ്പി ക്കേണ്ടതാണെന്നും അറിയിച്ചിരുന്നു. അതിന്റെ അടിസ്ഥാനത്തിൽ നിശ്ചിത പ്രൊഫോർമയിൽ സ്ഥലം റവന്യൂ വകുപ്പിലേക്ക് കൈമാറുന്നതിന് സാക്ഷ്യപ്പെടുത്തി 01-12-2022 തീയതിയിൽ ജില്ലാ കളക്ടർക്കും സബ് കളക്ടർക്കും സമർപ്പിച്ചിട്ടുണ്ട്. 19-01-2023-ൽ റീലിങ്കിഷ്മെന്റ് ഫോം വില്ലേജ് ഓഫീസിലും കളക്ടറേറ്റിലും നൽകിയിട്ടുണ്ട്. നടപടിക്രമങ്ങൾ പൂർത്തിയാകുന്ന മുറയ്ക്ക് പ്രസ്തുത പദ്ധതി മൈനർ ഇറിഗേഷൻ വകുപ്പിന് കൈമാറാൻ കഴിയുന്നതാണെന്നു പ്രതീക്ഷിക്കുന്നു. |
| (സി) | പ്രസ്തുത പദ്ധതി മൈനർ ഇറിഗേഷന് കൈമാറുന്ന നടപടി എപ്പോൾ പൂർത്തീകരിക്കാൻ സാധിക്കുമെന്ന് | (സി) | വാട്ടർ അതോറിറ്റിയുടെ കൈവശത്തിൽ താഞ്ഞൂർ പൊയിൽ നിലവില്ലുള്ള ഉപയോഗ ശൂന്യമായ കിണറും |

| | | | |
|---|---|---|---|
| | വ്യക്തമാക്കാമോ? | | പമ്പ് ഹൗസും ഉൾപ്പെട്ട പദ്ധതി മൈനർ ഇറിഗേഷന് കൈമാറുന്നതിന് തീരുമാനം ആയിട്ടുണ്ട്. (Order No. 1671/DMI (SU)/2020/KWA Dated 08/07/2020.) ഇത് സംബന്ധിച്ച വിവരങ്ങൾ ഇറിഗേഷൻ വകുപ്പിന് കൈമാറിയിട്ടുണ്ട്. എന്നാൽ 28-05 -2022 തിയ്യതിയിലെ ജില്ലാ കളക്ടറുടെ കത്തിൽ ഭൂമി കൈവശം വെയ്ക്കുന്ന വാട്ടർ അതോറിറ്റി, സേവന വകുപ്പിന്റെ നിർവ്വചനത്തിൽ ഉൾപ്പെട്ടു വരാത്തതിനാൽ ഇറിഗേഷൻ വകുപ്പിന് കൈമാറാൻ സാധിക്കില്ലെന്നും ടി സാഹചര്യത്തിൽ മേൽ ഭൂമി റവന്യൂ വകുപ്പിലേക്ക് വിട്ടു ഒഴിയുന്നതിനുള്ള അപേക്ഷ വാട്ടർ അതോറിറ്റി എക്സിക്യൂട്ടീവ് എഞ്ചിനീയർ കോഴിക്കോട് സബ് കളക്ടർക്ക് സമർപ്പിക്കേണ്ടതാണെന്നും അറിയിച്ചിരുന്നു. അതിന്റെ അടിസ്ഥാനത്തിൽ നിശ്ചിത പ്രൊഫോർമയിൽ സ്ഥലം റവന്യൂ വകുപ്പിലേക്ക് കൈമാറുന്നതിന് സാക്ഷ്യപ്പെടുത്തി 01-12-2022 തീയതിയിൽ ജില്ലാ കളക്ടർക്കും സബ് കളക്ടർക്കും സമർപ്പിച്ചിട്ടുണ്ട്. 19-01-2023-ൽ റീലിങ്കിഷ്മെന്റ് ഫോം വില്ലേജ് ഓഫീസിലും കളക്ടറേറ്റിലും നൽകിയിട്ടുണ്ട്. നടപടിക്രമങ്ങൾ പൂർത്തിയാകുന്ന മുറയ്ക്ക് പ്രസ്തുത പദ്ധതി മൈനർ ഇറിഗേഷൻ വകുപ്പിന് കൈമാറാൻ കഴിയുന്നതാണെന്നു പ്രതീക്ഷിക്കുന്നു. |

സെക്ഷൻ ഓഫീസർ